"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കെൽട്രോൺ നിർമ്മിക്കുന്ന എൽഇഡി ഉല്പന്നങ്ങളും ശ്രവണ സഹായികളും ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ തസ്വഭവ സ്ഥാപനങ്ങൾക്ക് നൽകിയ അനുമതി റദ്ദ് ചെയ്ത ഉത്തരവ്- പുനഃപരിശോധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2080/2019/ത.സ്വ.ഭ.വ തിരുവനന്തപുരം,തീയതി, 26/09/2019

പരാമർശം:- 1 11.06.2018 ലെ സ.ഉ.(സാധാ)നം.1581/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2 05.08.2019 ലെ സ.ഉ.(സാധാ)നം.1683/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 29.08.2019 ൽ ചേർന്ന യോഗത്തിന്റെ 4.59 നമ്പർ തീരുമാനം

ഉത്തരവ്

കെൽട്രോൺ നിർമ്മിക്കുന്ന എൽഇഡി ഉല്പന്നങ്ങളും ശ്രവണ സഹായികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് 11.06.2018-ലെ 1581/2018/തസ്വഭവ ഉത്തരവു (പരാമർശം 1)പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 05.08.2019-ലെ 1683/2019/തസ്വഭവ നമ്പർ ഉത്തരവു (പരാമർശം 2) പ്രകാരം ഈ ഉത്തരവ് റദ്ദാക്കിയ നടപടി പുനപരിശോധിച്ച് 11.06.2018-ലെ 1581/18/തസ്വഭവ ഉത്തരവ് പുനസ്ഥാപിക്കണമെന്ന് കെൽട്രോൺ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) പരാമർശം 3 -ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിക്കുകയും മേൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം 05.08.2019-ലെ 1683/2019/തസ്വഭവ

നമ്പർ ഉത്തരവ് റദ്ദാക്കിയ നടപടി പുനഃപരിശോധിച്ചുകൊണ്ടും കെൽട്രോൺ നിർമ്മിക്കുന്ന LED ഉല്പന്നങ്ങളും ശ്രവണ സഹായികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുമതി നൽകി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
സ്റ്റോർ പർച്ചേസ് വകുപ്പ്
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(ഗ്രാമവികസനകമ്മീഷണർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ